ശ്രീ. സി. കെ. ചക്രപാണി : ശ്രീ. ആർ. എസ്. ഉണ്ണിയുടെ ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞത് മദ്യനിരോധനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ലായെന്നാണ്. ഒരു ടോട്ടൽ പ്രൊഹിബിഷൻ വേണ്ട. പാർഷ്യലായിട്ട് പ്രൊഹിബിഷനു നടപടിയെടുക്കാമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : ഭാഗീകമായിട്ട് നടപടിയെടുക്കാൻ ആലോചനയില്ല.

ഗാർഹിക കണക്ഷൻ

* 94. [136] ശ്രീ. കെ. പി. പ്രഭാകരൻ :
,, കാനം രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. ഇ. ഇസ്മയിൽ :
,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തി കണക്ഷൻ നൽകുന്നതിനുള്ള കോൺട്രിബ്യൂഷൻ വ്യവസ്ഥയിൽ നിന്നും ഗാർഹിക കണക്ഷനുകളെ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ ;

(ബി) അതിനുശേഷം കോൺട്രിബ്യൂഷൻ വാങ്ങി ഗാർഹിക കണക്ഷൻ കൊടുക്കാൻ സ്പെഷ്യൽ ഓർഡറുകൾ നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതുവരെ എത്ര പേർക്ക് കൊടുത്തു ;

(ഡി) കോൺട്രിബ്യൂഷനായി ഈടാക്കിയ സംഖ്യ എത്ര ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്. 1-4-1985–മുതൽ.

(ബി) ഉണ്ട്.

(സി) 1-4-85-നു ശേഷം 4724 പേർക്ക്.

(ഡി) 21,81,161 രൂപ.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, കോൺട്രിബ്യൂഷൻ സമ്പ്രദായം പൂർണ്ണമായി നിർത്തലാക്കണമെന്നുള്ള ആവശ്യം ഉയർന്നു വന്നതിനെത്തുടർന്ന് ആ സമ്പ്രദായം തെറ്റാണെന്ന് ഹൈക്കോടതിയുടെ ഒരു പരാമർശനം വന്നതിനു ശേഷം അത് പൂർണ്ണമായി നിർത്തലാക്കുമെന്ന് ഈ മന്ത്രി ഈ സഭയിൽ പ്രഖ്യാപിക്കുകയും അതിനുശേഷമാണ് ബോർഡ് ഗാർഹിക കണക്ഷൻ മാത്രം ഒഴിവാക്കിക്കൊണ്ട് ഒരു തീരുമാനം എടുക്കുകയും ചെയ്തത്. ഇപ്പോൾ മന്ത്രി പറഞ്ഞ ഉത്തരവനുസരിച്ച് ആ ഉത്തരവ് ഫലത്തിൽ ഇല്ലാതിരിക്കുകയാണ്. ഗാർഹിക കണക്ഷൻ നിർത്തലാക്കിക്കൊണ്ട് ബോർഡ് ഒരു തീരുമാനമെടുക്കുകയും സ്പെഷ്യൽ ഓർഡർ വഴി ചുരുങ്ങിയ മാസത്തിനുള്ളിൽ തന്നെ 4724 കണക്ഷൻ കൊടുക്കുകയും 21 ലക്ഷം രൂപ പിരിക്കുകയും ചെയ്തു. ഫലത്തിൽ ഈ നിയമസഭക്ക് മന്ത്രി നൽകിയ വാഗ്ദാനവും അതനുസരിച്ച് ബോർഡ് പുറപ്പെടുവിച്ച ഉത്തരവും ഗവൺമെന്റ് പരാജയപ്പെടുത്തിയതും എന്തു നയത്തിന്റെ അടിസ്ഥാനത്തിലാണ്? അതിന്റെ പ്രത്യേക സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : 1-4-1985 മുതൽ ഹൗസ് കണക്ഷൻ പൊതുവെ ഗവൺമെൻറ് ഒഴിവാക്കുന്നതാണെന്നുള്ള നയപ്രഖ്യാപനം ഉണ്ടായി. പക്ഷെ അതിനു ശേഷം കോൺട്രിബ്യൂഷൻ അടച്ച് ഒരാൾ, കോൺട്രിബ്യൂഷൻ വ്യവസ്ഥയിൽനിന്നും തന്നെ ഒഴിവാക്കിയത് ശരിയല്ല, അത് അനുവദിക്കണം, തന്നെയുംകൂടി ഇതിൽ ഉൾപ്പെടുത്തണം എന്നു പറഞ്ഞുകൊണ്ട് ഹൈക്കോടതിയിൽ കേസുകൊടുത്തു. ഏപ്രിൽ മാസം 12-ാം തീയതി ഗവൺമെൻറ് നയപരമായി ഒരു പ്രഖ്യാപനം നടത്തിയ ശേഷം ഹൈക്കോടതിയിൽ നിന്നും ഉത്തരവ് ഉണ്ടായി. കോൺട്രിബ്യൂഷൻ വ്യവസ്ഥ നിർത്തലാക്കുന്നതിനു പകരം ഇങ്ങനെ ചോദിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവർക്ക് കണക്ഷൻ കൊടുക്കണമെന്നുള്ളനിലവന്നു. അതുകൊണ്ട്, കോൺട്രിബ്യൂഷൻ വ്യവസ്ഥയിൽ തനിക്ക് തരണമെന്നു പറഞ്ഞുകൊണ്ട് ഇത്തരത്തിൽ ബോർഡിനെ അപ്രോച്ച് ചെയ്യുന്ന ആളുകൾക്ക് ഹൈക്കോടതിയിലെ കേസിന് തുല്യമായ സാഹചര്യമുള്ള കേസുകൾ ഉണ്ടെങ്കിൽ, ഇപ്പോൾ കണക്ഷൻ കൊടുക്കുന്നുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ : ഗാർഹിക കണക്ഷനു വേണ്ടിയുള്ള അപേക്ഷകൾ ഏതു തീയതിവരെയാണ് ഇപ്പോൾ കൊടുത്തു കഴിഞ്ഞത്? ഈ സാമ്പത്തിക വർഷത്തിൽ എന്നുവരെയുള്ളത് കൊടുത്തു തീർക്കാമെന്നതിനെ സംബന്ധിച്ച് എന്തെങ്കിലും ടാർഗറ് നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി : ഗാർഹിക കണക്ഷനെ സംബന്ധിച്ചിടത്തോളമുള്ള ബുദ്ധിമുട്ട് സാമ്പത്തിക പരിമിതിയാണ്. സാമ്പത്തികമായ പരിമിതിയുള്ളതുകൊണ്ട് വളരെ വർഷങ്ങൾക്കു മുമ്പുവരെയുള്ളത്, മിക്കവാറും മൂന്നു നാലു വർഷത്തെ കുടിശ്ശികയുണ്ട്. സാമ്പത്തിക പരിമിതി കൊണ്ടു മാത്രമാണ്.

ശ്രീ. കെ. പി. പ്രഭാകരൻ : കാരണമല്ല ഞാൻ ചോദിച്ചത്. ഏതു തീയതിവരെയുള്ള കണക്ഷനാണ്, ഈ സാമ്പത്തിക വർഷത്തിൽ എന്നുവരെയുള്ളതു കൊടുക്കാനാണ് ടാർഗറ്?

ശ്രീ. കെ. എം. മാണി : മറുപടി കൃത്യമായിട്ട് പറയാം. തീയതിയല്ല പ്രധാനം. കാർഷികം-3704 കുടിശ്ശികയുണ്ട്. വ്യാവസായികം 268 ഉണ്ട്. ഗാർഹികം-92,620 ഉണ്ട്. മറ്റിനം-23,246 എല്ലാംകൂടി 1,19,208 കണക്ഷൻ കുടിശ്ശികയുണ്ട്. അത് കൊടുക്കേണ്ടിയിരിക്കുന്നു. ഇതു മുഴുവൻ കൊടുക്കണമെങ്കിൽ 12 കോടി രൂപ കൂടി വേണം. ആ 12 കോടി രൂപയില്ല. വർഷം വച്ചിരിക്കുന്നത് ആകെ ഡിസ്ട്രിബ്യൂഷനെ സംബന്ധിച്ചിടത്തോളം ആറരക്കോടി രൂപയാണ്.

ശ്രീ. കാനംരാജേന്ദ്രൻ : കോൺട്രിബ്യൂഷൻ നിർത്തലാക്കാനുള്ള തീരുമാനമെടുക്കുമെന്ന് ഇവിടെ പ്രഖ്യാപിച്ചുകഴിഞ്ഞതിനുശേഷം പ്രയോറിറ്റിയുടെ അടിസ്ഥാനത്തിൽ എത്ര കണക്ഷൻ കൊടുത്തിട്ടുണ്ടെന്നുള്ളകാര്യം വ്യക്തമാക്കുമോ?

ശ്രീ. കെ. എം. മാണി : നോർമലായിട്ട് പ്രയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് കണക്ഷൻ കൊടുക്കുന്നത്. എത്ര കണക്ഷൻ കൊടുത്തുവെന്നുള്ളതിന്റെ വിവരം ഇപ്പോൾ കയ്യിലില്ല.

ശ്രീ. കാനം രാജേന്ദ്രൻ : സത്യപ്രതിജ്ഞയ്ക്ക് തീയതി കാത്തിരിക്കുന്നതുപോലെ വയറിങ്ങ് പൂർത്തിയാക്കിയതിനുശേഷം കണക്ഷൻ കിട്ടാൻ വേണ്ടി കാത്തിരിക്കുന്നവർ ധാരാളമുണ്ട്. അതുകൊണ്ട് വയറിംഗ് പൂർത്തി

LIBRARY ARCHIVES Kerala Legislative Assembly

യാക്കി കണക്ഷനുവേണ്ടി കാത്തിരിക്കുന്നവർക്ക് വളരെവേഗം കണക്ഷൻ കൊടുക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. എം. മാണി : പ്രതിപക്ഷം രേണുകക്ഷിയാകാൻ കാത്തിരിക്കുന്നതുപോലെയും മന്ത്രിയാകാത്തവർ മന്ത്രിയാകാൻ കാത്തിരിക്കുന്നതുപോലെയും കാത്തിരിപ്പ് ഉണ്ടാകാം. ആ കാത്തിരിപ്പിനൊന്നും ഇവിടെ പ്രശ്നമില്ല. കഴിയുന്നിടത്തോളംവേഗം ഗവൺമെന്റിന്റെ സാമ്പത്തിക പരിധിയ്ക്കുള്ളിൽനിന്നുകൊണ്ട് ചെയ്തുകൊടുക്കാം.

ശ്രീ. കെ. ഇ. ഇസ്മയിൽ : കാർഷിക കണക്ഷനു കോൺട്രിബ്യൂഷൻ സിസ്റ്റം അവസാനിപ്പിക്കാൻ തീരുമാനിച്ചതിനുശേഷം കോൺട്രിബ്യൂഷൻ വാങ്ങിച്ച് ഗവൺമെന്റ് തലത്തിൽ സ്പെഷ്യൽ ആർഡർ വാങ്ങിച്ച് അതിന്റെയടിസ്ഥാനത്തിൽ ആണോ കണക്ഷൻ കൊടുക്കുന്നത്? ഇലക്ട്രിസിറ്റി ബോർഡ് കോൺട്രിബ്യൂഷൻ വാങ്ങിച്ച് കണക്ഷൻ കൊടുക്കാൻ ആവശ്യമായ എന്തെങ്കിലും നിർദ്ദേശം കൊടുക്കുകയുണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : കോൺട്രിബ്യൂഷൻ വാങ്ങിച്ച് കണക്ഷൻ കൊടുക്കുന്നതിന് ഗവൺമെന്റിനും ഇലക്ട്രിസിറ്റിബോർഡിനും അധികാരമുണ്ട്. ഇങ്ങനെയുള്ള കേസ്സുകൾ വളരെ കുറവാണ്. എല്ലാവർക്കും കോൺട്രിബ്യൂഷൻ കൂടാതെ കൊടുക്കണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. ആരെങ്കിലും നിർബന്ധമായിട്ട് രൂപ അടയ്ക്കാനുണ്ടെന്നു പറഞ്ഞാൽ അത് വേണ്ടെന്ന് വയ്ക്കേണ്ട കാര്യമുണ്ടോ? ഹൈക്കോടതിയും പറയുന്നു വാങ്ങിക്കാൻ. ഇങ്ങനെയുള്ള കേസ്സുകളിൽ വേണമെങ്കിൽ കൊടുക്കാം. നിർബന്ധമൊന്നുമില്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ : പാലക്കാട് ജില്ലയിലെ ഇടത്തനാട്ടുകരയിൽ നൂറിലേറെ ഗാർഹിക കണക്ഷനുവേണ്ടി മൂന്നുകോല്ലമായി കോൺട്രിബ്യൂഷൻ കൊടുക്കാൻ സന്നദ്ധമാണെന്ന് അറിയിച്ചതിനുശേഷം കണക്ഷൻ കൊടുക്കാത്തതിന്റെ ഫലമായി ജനങ്ങൾ വളരെ പ്രക്ഷോഭണം ഉണ്ടാക്കി. ഇലക്ട്രിസിറ്റിഡിപ്പാർട്ടുമെന്റിലെ ഒരു വിഭാഗം പ്രതികാരബുദ്ധിയോടുകൂടി ചില ആളുകൾക്ക് മാത്രം കണക്ഷൻ കൊടുക്കുകയും മറ്റുള്ളവർക്ക് കൊടുക്കാതിരിക്കുകയും ചെയ്തു. ആ പശ്ചാത്തലത്തിൽ കളക്ടർ ഇടപെട്ട് കൊടുക്കാമെന്ന് തീരുമാനിച്ചതിനുശേഷം ഡിപ്പാർട്ടുമെന്റിന്റെ തടസ്സംകൊണ്ട് ഇന്നുവരെ കണക്ഷൻ കിട്ടാത്ത കേസ്സ് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ആ പ്രശ്നം പരിഹരിച്ച് എത്രയുംവേഗം കണക്ഷൻ കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി : ആ പ്രദേശത്തോട് പ്രത്യേകിച്ച് വിവേചനമൊന്നുമില്ല. 92620 ഗാർഹിക കണക്ഷനാണ് ഇന്ന് അറിയേഴ്സ് ഉണ്ടെങ്കിൽ അതിൽപ്പെട്ട ഒരു കാര്യമാകും. കോൺട്രിബ്യൂഷൻ അടച്ച് കണക്ഷൻ വേണമെന്നുണ്ടെങ്കിൽ ആ കേസ്സിനു ഒരു അപേക്ഷ നൽകുന്നെങ്കിൽ അത് പ്രത്യേകിച്ച് പരിഗണിക്കാം.

ശ്രീ. കെ. ഇ. ഇസ്മയിൽ : നൂറിലധികം പ്രാവശ്യം ഒന്നിച്ച് ആവശ്യപ്പെടുകയും കോൺട്രിബ്യൂഷൻ കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ അവിടെ ലോക്കലായിട്ട് ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിലെ ചില ആളുകളോടുള്ള വിരോധം തീർക്കാൻവേണ്ടി പതിനാറ് ആളുകൾക്കുമാത്രം ഉദ്യോഗസ്ഥൻമാർ ചില കണക്ഷൻ കൊടുത്തു. ബാക്കിയുള്ളവർക്ക് കൊടുക്കാത്തതുകൊണ്ട് അവർക്കും കണക്ഷൻ കിട്ടണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടുകൊണ്ട് സമരം ചെയ്തു. കളക്ടർ ഇടപെട്ട് ഇലക്ട്രിസിറ്റിബോർഡിന് നിർദ്ദേശം കൊടുത്ത് മൂന്നുമാസമായിട്ടും കണക്ഷൻ കൊടുത്തിട്ടില്ലയെന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : അത് പരിശോധിക്കാം.

ശ്രീ. ലോനപ്പൻ നമ്പാടൻ : മൂന്നുമാസക്കാലമായി വോൾട്ടേജ് കുറഞ്ഞു വരുന്നതിന് എന്തെങ്കിലും പരിഹാരം ബഹുമാനപ്പെട്ട മന്ത്രിക്ക് നിർദ്ദേശിക്കാനുണ്ടോ ?

ശ്രീ. കെ. എം. മാണി : മൂന്നു വർഷമായിട്ട് . മാത്രമല്ല പഴയകാലം മുതലേ വോൾട്ടേജ് കുറവാണ്. വോൾട്ടേജ് കൂട്ടണമെന്നുണ്ടെങ്കിൽ വളരെയധികം നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു പുതിയ സബ്സ്റ്റേഷൻ ഉണ്ടാകണം. പുതിയ സബ്സ്റ്റേഷനെ സംബന്ധിച്ചിടത്തോളം ട്രാൻസ് ഫോർമർ ബലപ്പെടുത്തണം. ട്രാൻസ്മിഷൻ ലൈൻ ബലപ്പെടുത്തണം. ഫെയ്സ്ഡ് പ്രോഗ്രാമിന്റെ അടിസ്ഥാനത്തിൽ വോൾട്ടേജ് ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് : കൺസ്യൂമർ കോൺട്രിബ്യൂഷൻ സ്കീം അനുസരിച്ച് ബോർഡ് ഭീമമായ സംഖ്യ വാങ്ങിക്കുന്നുണ്ട്. എന്നാൽ ഇങ്ങനെ വാങ്ങിക്കുന്ന സംഖ്യ ഉപയോഗിച്ച് ആവശ്യമായ മെറ്റീരിയൽസ് നൽകാത്തതുകൊണ്ട് സാധാരണഗതിയിൽകണക്ഷൻ നൽകാനുള്ളമെറ്റീരിയൽസ് ഉപയോഗിച്ചാണ് കൺസ്യൂമർ കോൺട്രിബ്യൂഷൻ അനുസരിച്ചുള്ള ആളുകൾക്ക് കണക്ഷൻ നൽകുന്നത്. അതുകൊണ്ട് കൺസ്യൂമർ കോൺട്രിബ്യൂഷൻ ഇനത്തിൽ വാങ്ങിച്ച സംഖ്യ ഉപയോഗിച്ച് അവരുടെ സംഖ്യയ്ക്ക് ആനുപാതികമായി കണക്ഷൻ നൽകാനുള്ള മെറ്റീരിയൽസ് പ്രത്യേകമായി നൽകിയാൽ കുടിശ്ശിക തീർക്കാൻ ബുദ്ധിമുട്ട് ഉണ്ടാവുകയില്ലെന്നുള്ളതുകൊണ്ട് അതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ഇത് തെറ്റിദ്ധാരണയാണ്. കോൺട്രിബ്യൂഷൻ വരുന്നതുകൊണ്ട് നോർമൽ പ്രയോറിറ്റിക്കാർക്കുള്ള മെറ്റീരിയൽസ് നഷ്ടപ്പെടുകയോ ബുദ്ധിമുട്ട് ഉണ്ടാവുകയോ ഇല്ല. രൂപയുടെ കുറവാണ്. രൂപയുണ്ടെങ്കിൽ ഇഷ്ടംപോലെ മെറ്റീരിയൽസ് വാങ്ങിക്കാം. കോൺട്രിബ്യൂഷൻ തരുന്നവർക്ക് കണക്ഷൻ കൊടുക്കുന്നു. കിട്ടുന്ന രൂപ കൊണ്ട് മെറ്റീരിയൽസ് വാങ്ങിക്കും. ബോർഡിന്റെ നയവും അതാണ്.

ശ്രീ. എം. വി. രാഘവൻ : ഹൗസ് കണക്ഷനു കോൺട്രിബ്യൂഷൻ വേണ്ടെന്നു മുഖ്യമന്ത്രി പ്രഖ്യാപിച്ചു. പക്ഷേ കോടതി അത് വാങ്ങിക്കാതിരിക്കുന്നത് ശരിയല്ലെന്നു പറഞ്ഞു. അതുകൊണ്ട് വാങ്ങിക്കുന്നുവെന്നു പറഞ്ഞു. യഥാർത്ഥത്തിൽ ഹൗസ് കണക്ഷൻ കിട്ടണമെങ്കിൽ കോൺട്രിബ്യൂഷൻ കൊടുത്താലേ പറ്റുകയുള്ളൂ. കോടതിവിധി ഗവൺമെൻറ് പോളിസിക്കെതിരായതുകൊണ്ട് അപ്പീൽ കൊടുക്കാൻ ആലോചിച്ചിട്ടുണ്ടോ ? അപ്പീൽ കൊടുക്കുമോ ? എന്റെ നിയോജകമണ്ഡലത്തിൽ മിനിമം ഗ്യാരൻറി വച്ചിട്ടുള്ളവർക്ക് പത്തുകൊല്ലമായിട്ടും കണക്ഷൻ കൊടുത്തിട്ടില്ല. അവർക്ക് കണക്ഷൻ കൊടുക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : Contribution is not a general thing എന്റെ അനുഭവത്തിൻ ജനുവിനായിട്ടുള്ള വളരെയധികം കേസിൽ കോൺട്രിബ്യൂഷൻ ഇല്ലാതെ സാങ്ഷൻ കൊടുക്കുന്നുണ്ട്. കോൺട്രിബ്യൂഷനുവേണ്ടി ഒരാൾ ഗവൺമെൻറിനെ അപ്രോച്ച് ചെയ്താൽ കൊടുക്കാതിരിക്കണമെന്നില്ല. അത് കൊടുക്കാമെന്നാണ് ഹൈക്കോടതിയുടെ നിലപാട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ : ലക്ഷം വീട് കോളനികളിൽ പഞ്ചായത്ത് ബോർഡുകൾ വയറിങ്ങ് നടത്തിയിട്ട് മൂന്നുകൊല്ലത്തിലേറെയായിട്ടും കണക്ഷൻ കിട്ടിയില്ല. തലശ്ശേരി മണ്ഡലത്തിൽ ലക്ഷം വീട് കോളനികൾക്ക് കണക്ഷൻ കൊടുത്തിട്ടില്ല. മുമ്പ് ലക്ഷംവീട് കോളനി വൈദ്യുതീകരിക്കുന്നതിന് മുൻഗണനയുണ്ടായിരുന്നു. ഈ ഗവൺമെൻറ് മുൻഗണന എടുത്തുകളയുകയാണ് ചെയ്തത്. ലക്ഷംവീട് കോളനികൾക്ക് പ്രത്യേക പരിഗണന നൽകി കണക്ഷൻ നൽകാൻ തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : ലക്ഷംവീട് കോളനി വൈദ്യുതീകരിക്കുകയെന്നുള്ളത് മുൻഗണനാക്രമത്തിൽ ചെയ്യാം. ഹരിജൻ ഗിരിജൻ കോളനികൾക്കുള്ളതുപോലെയുള്ള മുൻഗണനയില്ല. ദുർബല വിഭാഗങ്ങൾ താമസിക്കുന്ന കേന്ദ്രങ്ങൾ എന്ന രീതിയിലുള്ള പ്രയോറിട്ടിയേയുള്ളു.

ശ്രീ. പി. പി. തങ്കച്ചൻ : ഗാർഹിക കണക്ഷന്റെ കാര്യം പറഞ്ഞതുപോലെ ഇറിഗേഷൻ പദ്ധതിയുടെ പണി മുഴുവൻ പൂർത്തിയായിട്ട് മോട്ടോർ വച്ചിരിക്കുകയാണ്. ഇതിനുമുമ്പുള്ള ആർഡർ അനുസരിച്ച് കോൺട്രിബ്യൂഷൻ വേണമെന്ന് പറഞ്ഞതുകൊണ്ട് ഡിപ്പാർട്ടുമെൻറിന് പണം കൊടുക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് കണക്ഷൻ കിട്ടിയില്ല. ആ നിലപാട് പുന:പരിശോധിച്ച് പണി മുഴുവൻ പൂർത്തിയായി കിടക്കുന്ന ജലസേചനത്തിന് ഉപകരിക്കുന്ന ഈ പദ്ധതിക്ക് കോൺട്രിബ്യൂഷൻ കൂടാതെ തന്നെ വളരെവേഗം കണക്ഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ ? പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ ഒരു വർഷമായി പണിപൂർത്തിയായി കിടക്കുന്ന ഈസ്റ്റ് ഒക്കൽ ലിഫ്റ്റ് ഇറിഗേഷന് കണക്ഷൻ കിട്ടിയില്ലെന്ന ഒറ്റ കാരണംകൊണ്ടാണ് പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്തത്. അതിനു വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. കെ. എം. മാണി : അഗ്രിക്കൾച്ചർ പമ്പുസെറ്റ് കണക്ഷന് കോൺട്രിബ്യൂഷൻ ഇൻസിസ്റ്റ് ചെയ്യാറില്ല. കോൺട്രിബ്യൂഷനിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

ശ്രീ. സി. പി. മൂസ്സാൻ കുട്ടി : കാർഷിക ആവശ്യത്തിനുവേണ്ടിയും വ്യാവസായിക ആവശ്യത്തിനുവേണ്ടിയും ഗാർഹിക ആവശ്യത്തിനുവേണ്ടിയും ഉള്ള കണക്ഷൻ കൊടുക്കണമെങ്കിൽ പന്ത്രണ്ടരക്കോടി രൂപ വേണം, ആറരക്കോടി രൂപയേ ഉള്ളൂവെന്ന് പറഞ്ഞു. എന്നാൽ വയർ ചെയ്തിട്ട് പത്തുകൊല്ലമായ ഹരിജൻ കോളനിയിലും ലക്ഷംവീട് കോളനിയിലും ഇതുവരെ കണക്ഷൻ നൽകിയിട്ടില്ല. അവർക്ക് കണക്ഷൻ കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ? അതുപോലെ സാധു പദ്ധതിക്കുവേണ്ടി കടം വാങ്ങിച്ച് പമ്പുസെറ്റുകൾ വച്ചിട്ടുള്ളവർക്ക് ഒരു സമയബന്ധിത പരിപാടിയനുസരിച്ച് കണക്ഷൻ കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഹരിജൻ കോളനികൾക്കും ഗിരിജൻ കോളനികൾക്കും കൂടുതൽ പരിഗണന കൊടുക്കുന്നുണ്ട്. വേഗത്തിൽ കണക്ഷൻ കൊടുത്തുകൊണ്ടിരിക്കുകയാണ്. വൈദ്യുതീകരണത്തെ സംബന്ധിച്ചിടത്തോളം വേഗത്തിൽ പൂർത്തിയാക്കണമെന്നാണ് ഗവൺമെൻറിന്റെ നിലപാട്.

ഡോ. കെ. സി. ജോസഫ് : നിലവിലുള്ള കണക്ഷനുകൾ തന്നെ പലതും പവ്വർ ഇല്ലാത്തതുകൊണ്ട് ശരിയായതരത്തിൽ പ്രവർത്തിക്കുന്നില്ല. കുട്ടനാടൻ പാടശേഖരങ്ങളിൽ ഇട്ടിരിക്കുന്ന പോസ്റ്റുകൾ വീഴുമ്പോൾ പുതിയ തേക്കിൻകഴ കിട്ടാത്തതുകൊണ്ട് മുറിച്ച് നീളം കുറച്ച് ഇടുന്നതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് മുഴുവൻ പൈനും വെള്ളത്തോട് ചേർന്ന് കിടക്കുന്നതുകൊണ്ട് അപകടസാധ്യതയുണ്ടെന്നും പുതുതായി ഇടുന്നത് ആർ. സി. സി. പോസ്റ്റുകളം ആയതുകൊണ്ട് ഇളകിയ ഭൂമിയിൽ അത് ഇട്ടാൽ വീണുപോകുന്നതിനാൽ പ്രയോജനമില്ലെന്നും മനസ്സിലാക്കി ഇത്തരം പ്രദേശങ്ങളിൽ കൂടുതലായി തേക്കിൻകഴ കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ഇപ്പോഴുള്ള കേടായ പോസ്റ്റുകളം മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : അവിടത്തെ മണ്ണിന്റെ പ്രത്യേകത പരിഗണിച്ച് പ്രത്യേക സ്വഭാവമനുസരിച്ച് പ്രത്യേകത ക്രമീകരണം ചെയ്യാവുന്നതാണ്.

ശ്രീ. ഇ. കെ. നായനാർ : എന്റെ മണ്ഡലത്തിൽ 27 ആദിവാസി കുടുംബങ്ങളുണ്ട്. അവർ ജനിച്ചിട്ട് ഇന്നുവരെ ഇലക്ട്രിസിറ്റി കണ്ടിട്ടില്ല. അവർക്ക് വീട് കൊടുക്കാമെന്ന് ശ്രീ. ജോസഫ് ഉറപ്പ് കൊടുത്തു. അതെപ്പറ്റി അന്വേഷിക്കാൻ അയച്ചിരിക്കുകയാണ്. അവർക്ക് വീട് കിട്ടിയാൽ സൗജന്യമായിട്ട് കണക്ഷൻ കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : പ്രതിപക്ഷ നേതാവിന്റെ അഭിപ്രായത്തെ മാനിച്ച് ഇന്ന് പെറ്റീഷൻ കിട്ടിയാൽ ഇന്നുതന്നെ ആർഡർ ഇട്ട് കണക്ഷൻ കൊടുക്കാൻ നടപടി സ്വീകരിക്കാം.

ശ്രീ. കെ. മുഹമ്മദാലി : കാർഷികാവശ്യത്തിന്, പ്രത്യേകിച്ച് ഇറിഗേഷൻ സ്കീമുകൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിന് കോൺട്രിബ്യൂഷൻ നിർബന്ധിക്കുന്നില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ ഇപ്പോഴും ഇലക്ട്രിസിറ്റി ബോർഡിലെ പല ഉദ്യോഗസ്ഥൻമാരും കാർഷികാവശ്യത്തിനും മറ്റ് ഇറിഗേഷൻ സ്കീമുകൾക്കും വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിന് കോൺട്രിബ്യൂഷൻ അടയ്ക്കണമെന്ന് നിർബന്ധിക്കുന്ന വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : അങ്ങനെയൊരു ധാരണ എങ്ങനെയോ പരന്നിരിക്കുകയാണ്, എല്ലാവരിനും കോൺട്രിബ്യൂഷൻ വേണമെന്ന്. അങ്ങനെയല്ല. അഗ്രികൾച്ചറൽ കണക്ഷനെ സംബന്ധിച്ചിടത്തോളം പമ്പ്സെറ്റിന് ആരെങ്കിലും കോൺട്രിബ്യൂഷൻ ചോദിക്കുന്നുവെങ്കിൽ അത് തെറ്റാണ്, ചോദിക്കരുത്. ഏതെങ്കിലും പ്രത്യേക കേസ് ഉണ്ടെങ്കിൽ ഇന്നതിന് ചോദിച്ചുവെന്ന് പറഞ്ഞ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : കഴിഞ്ഞ ദിവസം മറ്റ് അത്യാവശ്യ ജോലിത്തിരക്ക് ഇല്ലാതിരുന്നതുകൊണ്ട് രാത്രി പത്തുമണിക്കു ശേഷം ഡൽഹിയിൽ നിന്ന് പ്രക്ഷേപണം ചെയ്യുന്ന ദൂരദർശൻ പരിപാടി ഞാൻ കണ്ടു. അതിൽ നിറഞ്ഞു നിന്നത് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സോണിയാ ഗാന ധിയുമാണ്. നമ്മുടെ പ്രധാനമന്ത്രി ഒരു ഹരിജൻ കോളനിയിൽ പ്രവേശിച്ചു; ഒരു സ്വിച്ച് ഇട്ടു. സ്വിച്ച് ഇട്ടപ്പോൾ ലൈറ്റ് കത്തുന്നില്ല. അപ്പോൾ മുഖ്യമന്ത്രിക്ക് ഒരു സംശയം. അതുകൊണ്ട് അദ്ദേഹവും ഇട്ടു നോക്കി. പിന്നെ സോണിയാ ഗാന്ധിയുമിട്ടു. ലൈറ്റ് കത്തുന്നില്ല. എന്തുകൊണ്ടാണ് ഹരിജൻ-ഗിരിജൻ കോളനിയിൽ ലൈറ്റില്ലാതെ പോയത് ? അങ്ങയുടെ പേരിൽ മനഃപൂർവ്വം തെറ്റിദ്ധാരണ ഉണ്ടാക്കാൻവേണ്ടി ചെയ്തതാണോ ?

ശ്രീ. കെ. എം. മാണി : ശാസ്ത്രവീക്ഷണമുള്ള ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാം, സ്വിച്ച് ഇട്ടതുകൊണ്ട് ലൈറ്റ് കത്തണമെന്നില്ല; കറൻറ് സപ്ലൈ ഉണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. വരദൻ : എന്റെ നിയോജകമണ്ഡലത്തിൽ വട്ടവടെ, കാന്തല്ലൂർ, മറയൂർ എന്നീ പഞ്ചായത്തുകളിൽ കറൻറിന് വളരെ ബുദ്ധിമുട്ടാണ്. പൗവ്വറില്ല, ധാരാളം ജനങ്ങൾ താമസിക്കുന്ന, ഹരിജനങ്ങളും ഗിരിജനങ്ങളും തിങ്ങിപ്പാർക്കുന്ന പിന്നോക്ക പഞ്ചായത്തുകളാണിവ. അതുകൊണ്ട് അടിയന്തിരമായും ഈ മൂന്നു പഞ്ചായത്തുകളിലും ഒരു ട്രാൻസ്ഫോർമർ വയ്ക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : അത് പരിശോധിക്കാം.

ശ്രീ. എൻ. ശക്തൻ നാടാർ : അഗ്രികൾച്ചർ പർപ്പസിനും ഇറിഗേഷൻ പർപ്പസിനും ഉടനടി വൈദ്യുതി നൽകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ആവർത്തിച്ച് പറയുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിൽ, കാഞ്ഞിരംകുളം പഞ്ചായത്തിൽ ജലവിതരണം നടത്തുന്നതിനു വേണ്ടി രണ്ട് മോട്ടോർ ഇറക്കി ചെയ്തിട്ട്, വൈദ്യുതി കണക്ഷൻ കിട്ടാത്തതുകാരണം കഴിഞ്ഞ ആറ് മാസമായി ജലവിതരണം നടക്കുന്നില്ല. ഇന്നു രാവിലെയും ബന്ധപ്പെട്ട എഞ്ചിനീയറുടെ വീട്ടിൽ പോയി കണ്ടിട്ടാണ് ഞാൻ നിയമസഭയിൽ എത്തിയത്. കോൺട്രിബ്യൂഷൻ അടയ്ക്കാതെ, വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി രൂപ അടയ്ക്കാതെ കണക്ഷൻ തരാൻ നിർവ്വാഹമില്ലായെന്നാണ് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇന്നും എന്നോട് പറഞ്ഞത്. അതുകൊണ്ട് ഇത് ജനറലായി എടുത്തുകൊണ്ട് ബന്ധപ്പെട്ട രണ്ട് ഡിപ്പാർട്ടുമെൻറുകളും തമ്മിലുള്ള കാര്യമായതുകൊണ്ട്, മന്ത്രിതലത്തിൽ ചർച്ച ചെയ്ത് അടിയന്തിരമായ തീരുമാനമെടുക്കുമോ ?

ശ്രീ. കെ. എം. മാണി : പർപ്പസ് കാർഷികമായതുകൊണ്ട് ഉടനേ കണക്ഷൻ കിട്ടുമെന്ന് ഞാൻ പറഞ്ഞില്ല. കോൺട്രിബ്യൂഷൻ പമ്പ് സെറ്റ് നില്ല. പക്ഷേ 3,074 അഗ്രികൾച്ചറൽ പർപ്പസിനുള്ള കണക്ഷൻ കൂടിശ്ശികയുണ്ട്. ഇതെല്ലാംകൂടി ചെയ്യാനുള്ള സാമ്പത്തിക സൗകര്യം ബോർഡിനില്ല. പരിമിതിയ്ക്കകത്തു നിന്നു മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ.

ശ്രീ. എ. സി. ഷൺമുഖദാസ് : ഈ സഭയിൽ പൊന്തിവന്ന അഭിപ്രായങ്ങളുടേയും പൊതുജനാഭിപ്രായത്തിന്റേയും അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗാർഹിക ആവശ്യത്തിന് കോൺട്രിബ്യൂഷൻ സിസ്റ്റം നിറുത്തലാക്കുമെന്ന് പറഞ്ഞത്. എന്നാൽ കോടതി അത്തരത്തിൽ നിറുത്തലാക്കുന്നതിനെ സംബന്ധിച്ച് ഒരു കാഷ്വൽ കമൻറ് പുറപ്പെടുവിച്ചു എന്നുള്ളത് ഗൗരവത്തിലെടുത്ത്, സകല കാര്യങ്ങൾക്കും കോടതി പറയുന്നത് ഗൗരവത്തിലെടുത്ത്, കോൺട്രിബ്യൂഷൻ സിസ്റ്റം തുടർന്നു കൊണ്ടു പോകാൻ ഗവൺമെൻറ് തീരുമാനിച്ചതിന് പ്രത്യേക കാരണമെന്താണ് ?

ശ്രീ. കെ. എം. മാണി : മറ്റ് കാര്യങ്ങളിൽ, കോടതി പറയുന്ന കാഷ്വൽ കമൻറ് വളരെ ഗുരുതരമായി എടുക്കുന്ന പ്രതിപക്ഷം, ഈ കാഷ്വൽ കമൻറ് ആദരിക്കണ്ട എന്നാണോ ശ്രീ. ഷൺമുഖദാസ് പറയുന്നത്? അത് ശരിയല്ല. കാഷ്വൽ കമൻറ് ആയാലും കമൻറാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : ട്രൈബൽ വെൽഫയർ ഡിപ്പാർട്ടുമെൻറ് നിരവധി ആദിവാസി കോളനികളിൽ വയറിംഗ് ചെയ്തിട്ടുണ്ട്. ഡിപ്പാർട്ടുമെൻറ് വയറിംഗ് ചെയ്ത പല കോളനികളിലും വൈദ്യുതി കണക്ഷൻ കിട്ടിയിട്ടില്ലായെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ, ഈ കാര്യത്തിൽ അടിയന്തിര നടപടിയെടുക്കുമോ ?

ശ്രീ. കെ. എം. മാണി : അതൊക്കെ പരിശോധിക്കാം. ഒരുപാട് സ്ഥലങ്ങളിൽ കൊടുക്കാനുണ്ട്. കഴിയുന്നിടത്തോളം ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly